# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1645 — 03.10.11 ൽ -മറുപടിക്ക്

### അമ്പലപ്പുഴ മണ്ഡലത്തിലെ പുതിയ റേഷൻ കാർഡുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ജി.സുധാകരൻ | | ശ്രീ.ടി.എം.ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി.) |
| (എ) അമ്പലപ്പുഴ മണ്ഡലത്തിൽ പുതിയ റേഷൻകാർഡുകൾക്കുള്ള എത്ര അപേക്ഷകൾ കെട്ടിക്കിടപ്പുണ്ട്; എന്ന് അവ വിതരണം ചെയ്യുമെന്ന് അറിയിക്കുമോ; | (എ) | അമ്പലപ്പുഴ മണ്ഡലത്തിൽ പുതിയ റേഷൻ കാർഡുകൾക്കായി ലഭിച്ച എല്ലാ അപേക്ഷകളും തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. |
| (ബി) എ.പി.എൽ., ബി.പി.എൽ. എന്നീ വിഭാഗങ്ങളിൽ ഏതിൽ ഉൾപ്പെടുത്തിയാണ് പുതിയ റേഷൻ കാർഡുകൾ നൽകുന്നത്; ഇതിന്റെ മാനദണ്ഡമെന്താണ്; | (ബി) | നിലവിലുള്ള എ.പി.എൽ, ബി.പി.എൽ, എ.എ.വൈ കാർഡുകളിൽ നിന്നും അംഗങ്ങളെ കുറവുചെയ്തു നൽകുന്ന പുതിയ കാർഡുകളെല്ലാം തന്നെ എ.പി.എൽ കാർഡുകളായിട്ടാണ് നൽകുന്നത്. എന്നാൽ മറ്റ് താലൂക്കുകളിൽ നിന്നും സറണ്ടർ ചെയ്തു വരുന്ന കാർഡുകൾക്ക്, അവ ഏതു വിഭാഗത്തിൽപ്പെട്ടവയാണോ അതേ വിഭാഗത്തിലെ കാർഡുകളാണ് നൽകുന്നത്. |
| (സി) അമ്പലപ്പുഴ മണ്ഡലത്തിൽ എ.എ.വൈ., അന്നപൂർണ്ണ വിഭാഗങ്ങളിൽ എത്ര ഗുണഭോക്താക്കൾ നിലവിലുണ്ട് ? | (സി) | അമ്പലപ്പുഴ മണ്ഡലത്തിൽ 4128 എ.എ.വൈ കാർഡുകളും 94 അന്നപൂർണ്ണ കാർഡുകളുമുണ്ട്. |

സെക്ഷൻ ഓഫീസർ